/

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2847** **20-07-2011-ൽ മറുപടിയ്ക്ക്**

## കായിക രംഗത്തെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കായികരംഗത്തെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ച് പഞ്ചായത്തുതലംവരെ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | (എ) പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി 425 ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളും, 29 മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകളും, 3 കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകളും, രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? എങ്കിൽ എന്നാണ് ഉൾപ്പെടുത്തിയത്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഉണ്ട്, 11.11.2009 ലെ സ.ഉ(എം.എസ്) നമ്പർ.217/09/പൊ.വി.വ ഉത്തരവ് പ്രകാരം വിശദാംശം അനുബന്ധമായുള്ള സർക്കാർ ഉത്തരവിൽ ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഒരു വാർഡിൽ/ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി വഴി എത്ര പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിച്ചു; | (സി) പ്രസ്തുത പദ്ധതി പ്രകാരം കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം 43 പഞ്ചായത്തുകൾക്ക് കളിസ്ഥലം വികസനത്തിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നേരിട്ടാണ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. കായിക യുവജനകാര്യാലയം മുഖേന നൽകിയ ഫണ്ട് ഉപയോഗിച്ച് 10 പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിച്ചിട്ടുണ്ട്. |
| (ഡി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് സ്റ്റേഡിയം നിർമ്മിച്ചത്; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഈ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**പൊതുവിദ്യാഭ്യാസ (കായിക - യുവജനകാര്യ) വകുപ്പ് - സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**പൊതുവിദ്യാഭ്യാസ (കാ.യു.) വകുപ്പ്**

**സ.ഉ.(എം.എസ്)നം.217/09/പൊ.വി.വ. തീയതി, തിരുവനന്തപുരം, 11.11.2009.**

## ഉത്തരവ്

2010-ഓടെ ലോകത്തെ ഹൃദ് രോഗികളിൽ 60% ഇന്ത്യാക്കാരായിരിക്കുമെന്നും അതിൽ പകുതിയിലേറെ കേരളീയരായിരിക്കുമെന്നും ലോകാരോഗ്യ സംഘടന 2001-ൽ റിപ്പോർട്ട് ചെയ്തിരിന്നു. ജീവിത ശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, അമിതവണ്ണം എന്നിവ 30 വയസ്സിനു താഴെ ഉള്ളവരിലും ധാരാളമായി കണ്ടു തുടങ്ങിയിരിക്കുന്നതായി റിപ്പോർട്ടിൽ സൂചനയുണ്ട്.

2) ഇതിന്റെ അടിസ്ഥാനത്തിൽ 2008 - 2009 അദ്ധ്യയന വർഷം സംസ്ഥാനത്തെ 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ കായിക ക്ഷമതാ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം കായിക ക്ഷമതയിൽ വളരെ പിന്നിലാണെന്ന് കണ്ടെത്തുകയുണ്ടായി. പരിശോധനയ്ക്ക് വിധേയമാക്കിയ 16,28,943 വിദ്യാർത്ഥികളിൽ 19.61 ശതമാനം കുട്ടികൾക്ക് മാത്രമേ എല്ലാ പരിശോധനയിലും, കുറഞ്ഞ അളവിലെങ്കിലും നിലവാരം പുലർത്താൻ കഴിഞ്ഞുള്ളുവെന്ന് കണ്ടെത്തി.

3) മുകളിൽ പറഞ്ഞ പരിശോധനാ ഫലം കായിക വകുപ്പും വിദ്യാഭ്യാസ വകുപ്പും വളരെ വിശദമായ പഠനത്തിനു വിധേയമാക്കി അതിന്റെ വെളിച്ചത്തിലാണ് കേരള സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യ വിഷയമാക്കുന്നതിന് രണ്ടു വകുപ്പുകളും ചേർന്ന് തീരുമാനിച്ചത്.

4) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ താഴെ പറയുന്ന മാതൃകയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഈ പദ്ധതി നവംബർ 14 ശിശുദിനത്തിൽ ആരംഭിക്കുന്നതാണ്.

ii) എസ്.സി.ഇ.ആർ.ടി. നിർദ്ദേശിക്കുന്ന പാഠ്യപദ്ധതി പാഠ്യ വിഷയമെന്ന നിലയിൽ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതാണ്.

iii) ഇപ്പോൾ നിലവിലുള്ള പീരിയഡുകളും കായികാദ്ധ്യാപകരെയും പ്രയോജനപ്പെടുത്തിയാകും ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുക.

iv) അപ്പർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുടെ സേവനം ഘട്ടം ഘട്ടമായി ലഭ്യമാക്കും. ഇതിനായി കായികാദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്ക വിധം സ്കൂളുകളെ ക്ലബ്ബ് ചെയ്യുന്ന സാധ്യത ആരായുന്നതാണ്.

v) ഈ വർഷത്തെ അനുഭവങ്ങൾ വിലയിരുത്തി വരും വർഷങ്ങളിൽ ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്തുന്നതാണ്.

vi) ഈ പ്രവർത്തന പദ്ധതിയുടെ മോണിറ്ററിംഗ് വിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും സംയുക്തമായി നടത്തുന്നതാണ്.

5) ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**യു.കെ.എസ്.ചൗഹാൻ,**
സെക്രട്ടറി.

ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (കെ) വകുപ്പ്.
പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്.
ധനകാര്യ വകുപ്പ്.
ആരോഗ്യ വകുപ്പ്.
പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നിയമ പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കായിക യുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

S.O